പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 4984 — 01.07.2013-ൽ മറുപടിക്ക്.

# പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ ലേലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ ലേലം നടത്തിയതുവഴി എത്ര രൂപയുടെ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; | : (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ളതും എന്നാൽ ഉടമസ്ഥരില്ലാത്ത വാഹനങ്ങൾ ലേലം നടത്തിയതുവഴി 2,53,90,340/- (രണ്ടുകോടി അമ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി മുന്നൂറ്റി നാൽപ്പത് രൂപ) ലഭിച്ചിട്ടുണ്ട്. |
| (ബി) പിടിച്ചെടുത്ത വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | : (ബി) ഇത്തരം വാഹനങ്ങളിൽ പോലീസ് വകുപ്പിന് പൊതുലേലം വഴി തീർപ്പാക്കാൻ കഴിയുന്നവ ലേലം ചെയ്ത് മുതൽക്കൂട്ടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോടതി മുഖേന തീർപ്പ് കൽപ്പിക്കേണ്ടവ കോടതി ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ. |
| (സി) ഇത്തരം വാഹനങ്ങളുടെ കൂട്ടത്തിൽ സർക്കാർ വാഹനങ്ങൾ എത്രയുണ്ടെന്നും അതിൽ പോലീസ് വാഹനങ്ങൾ എത്രയെണ്ണം ഉണ്ടെന്നും ആയത് ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലാണെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ ? | : (സി) ഇതിൽ സർക്കാർ വാഹനങ്ങളൊന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ